എ.വൈ.ആർ

സൂറഃ-9

# അത്തൗബ

**128** നിങ്ങളിലേക്കു വന്നിട്ടുള്ളത് നിങ്ങളിൽനിന്നു തന്നെയുള്ള ദൈവദൂതനാകുന്നു. നിങ്ങൾ ക്ലേശിക്കുന്നത് അദ്ദേഹത്തിന്നസഹ്യമാകുന്നു; നിങ്ങളുടെ നന്മയിൽ അതീവ തൽപരനും, സത്യവിശ്വാസികളോട് അലിവും കാരുണ്യവുമുള്ളവനുമാണദ്ദേഹം.

لَقَدْ جَآءَكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِٱلْمُؤْمِنِينَ رَءُوفٌ رَّحِيمٌ ﴿١٢٨﴾

**129** ഇനിയും അവർ നിന്നിൽനിന്നു പുറം തിരിഞ്ഞു പോവുകയാണെങ്കിൽ നീ പ്രഖ്യാപിച്ചുകൊള്ളുക; എനിക്ക് അല്ലാഹു മതി. അവനല്ലാതെ ദൈവമേതുമില്ല. ഞാൻ അവനിൽ ഭരമേൽപിച്ചിരിക്കുന്നു. മഹിത സിംഹാസനത്തിനുടയവനത്രെ അവൻ.

فَإِن تَوَلَّوْا۟ فَقُلْ حَسْبِىَ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ۖ عَلَيْهِ تَوَكَّلْتُ ۖ وَهُوَ رَبُّ ٱلْعَرْشِ ٱلْعَظِيمِ ﴿١٢٩﴾

لَقَدْ جَآءَكُمْ= തീർച്ചയായും നിങ്ങളിലേക്ക് വന്നു(ന്നിട്ടുള്ളത്) رَسُولٌ= ദൈവദൂതൻ ആകുന്നു مِّنْ أَنفُسِكُمْ= നിങ്ങളിൽനിന്നുതന്നെ(യുള്ള)

عَزِيزٌ عَلَيْهِ= പ്രയാസപ്പെടുന്നവൻ (അദ്ദേഹത്തിന് അസഹ്യമാകുന്നു) مَا عَنِتُّمْ= നിങ്ങൾ പ്രയാസപ്പെട്ട(ടുന്ന)ത്

حَرِيصٌ= (അദ്ദേഹം) അതീവ തൽപരനാകുന്നു عَلَيْكُم= നിങ്ങളുടെമേൽ (നന്മയിൽ) بِٱلْمُؤْمِنِينَ= സത്യവിശ്വാസികളോട്(അദ്ദേഹം)

رَءُوفٌ= ഏറ്റം അലിവുള്ള(വൻ)വനും رَّحِيمٌ= കാരുണ്യമുള്ള(വനുമാകുന്നു)

فَإِن تَوَلَّوْا۟= ഇനിയും, (എന്നിട്ടും) അവർ പിന്തിരിഞ്ഞു പോവുകയാണെങ്കിൽ فَقُلْ= അപ്പോൾ നീ പ്രഖ്യാപിച്ചുകൊള്ളുക

حَسْبِىَ ٱللَّهُ= എനിക്ക് അല്ലാഹു മതി, ധാരാളമാണ് لَآ إِلَٰهَ= ദൈവം (ഏതും) ഇല്ല إِلَّا هُوَ= അവനല്ലാതെ عَلَيْهِ= അവന്റെ മേൽ

تَوَكَّلْتُ= ഞാൻ(സ്വയം)സമർപ്പിച്ചിരിക്കുന്നു, ഭരമേൽപിച്ചിരിക്കുന്നു وَهُوَ = അവൻ(നോ)

رَبُّ= വിധാതാവ്, ഉടയവൻ ആകുന്നു ٱلْعَرْشِ ٱلْعَظِيمِ= മഹ(ഹിത)ത്തായ സിംഹാസനത്തിന്

**128:** ഈ സൂറ അതിന്റെ ഉപസംഹാര ഭാഷണത്തിലേക്കു പ്രവേശിക്കുകയാണിവിടെ. അസത്യത്തോടും അധർമത്തോടുമുള്ള നിരന്തര സമരാഹ്വാനം, ആ മാർഗത്തിൽ സാമ്പത്തികവും ശാരീരികവുമായ ത്യാഗങ്ങളർപ്പിക്കാനും ദുർഘടമായ ദേശാടനങ്ങളിലേർപ്പെടാനുമുള്ള പ്രേരണ, കപടന്മാരുടെ മുഖംമൂടി വലിച്ചുകീറിയുള്ള ആക്ഷേപം, വിജ്ഞാന സമ്പാദനത്തിന്റെ അനിവാര്യത തുടങ്ങിയ വിഷയങ്ങളാണ് സൂറ ഇതുവരെ ചർച്ച ചെയ്തുകൊണ്ടിരുന്നത്. പ്രത്യക്ഷത്തിൽ ഇതൊന്നും അനായാസമായ കാര്യങ്ങളല്ല. സമയത്തിന്റെയും സമ്പത്തിന്റെയും ആരോഗ്യത്തിന്റെയുമെല്ലാം നിർലോഭമായ വിനിയോഗം അത്യാവശ്യപ്പെടുന്നു. വ്യക്തിപരവും ഗോത്രപരവുമായ പല അഭിനിവേശങ്ങളും ആസക്തികളും ബലികഴിക്കേണ്ടിവരുന്നു. സത്യവിശ്വാസികൾ സസന്തോഷം അതിനെല്ലാം സന്നദ്ധരായിരുന്നുവെങ്കിലും വിശ്വാസ ദാർഢ്യമില്ലാത്തവരും കപടന്മാരും അതൊക്കെ കണ്ടത് വലിയ ബുദ്ധിമുട്ടായിട്ടാണ്. തങ്ങൾ ഇഷ്ടപ്പെടുന്ന പലതും നിരോധിക്കുകയും ഇഷ്ടമില്ലാത്ത ചിലത് നിർബന്ധമാക്കുകയും ഇതര ജനങ്ങളുടെ ശത്രുത ക്ഷണിച്ചു വരുത്തുന്ന പുതിയ തത്ത്വങ്ങളും പ്രമാണങ്ങളും അവതരിപ്പിക്കുകയും ശത്രുക്കളുമായി ജീവന്മരണ പോരാട്ടത്തിലേർപ്പെടാൻ കൽപിക്കുകയും ചെയ്യുന്ന ഈ പ്രവാചകനും ഖുർആനും തങ്ങൾക്കു വലിയ വിനയായിത്തീർന്നിരിക്കുന്നുവെന്നാണവർ ചിന്തിക്കുന്നത്. ഈ പശ്ചാത്തലത്തിൽ പ്രവാചകാഗമനത്തിന്റെയും വേദാവതരണത്തിന്റെയും യാഥാർഥ്യം ഒരിക്കൽ കൂടി ഉണർത്തുകയാണ്.

جَآءَكُمْ (നിങ്ങൾക്കു വന്നിട്ടുള്ളത്), مِّنْ أَنفُسِكُمْ (നിങ്ങളിൽനിന്നുതന്നെ) എന്നീ വാക്കുകളിലെ 'നിങ്ങൾ' എന്ന സർവനാമത്തിന് പ്രത്യക്ഷമായ വിവക്ഷയും പരോക്ഷമായ വിവക്ഷയുമുണ്ട്. സൂക്തത്തിന്റെ പ്രഥമ സംബോധിതരായ അറബികളാണ് പ്രത്യക്ഷ വിവക്ഷ. പക്ഷേ, സൂക്തത്തിന്റെ ഉള്ളടക്കം അവർക്കു മാത്രമുള്ളതല്ല. ലോകാവസാനം വരെയുള്ള സകല മനുഷ്യർക്കും ഉള്ളതാണ്. ആ നിലക്ക് 'നിങ്ങൾക്ക് വന്നിട്ടുള്ളത്'

എന്നു സംബോധന ചെയ്യുന്നത് പരോക്ഷമായി മനുഷ്യവർഗത്തെ മുഴുവനുമാണ്. مِّنۡ أَنفُسِكُمۡ (നിങ്ങളിൽനിന്ന്) എന്നതിന്റെ പ്രത്യക്ഷ വിവക്ഷ, നിങ്ങൾ അറബികളിൽനിന്ന് അല്ലെങ്കിൽ ഖുറൈശികളിൽനിന്ന് എന്നും, പരോക്ഷ വിവക്ഷ മനുഷ്യവർഗത്തിൽനിന്ന് എന്നുമാകുന്നു. ഒന്നാമത്തെ വിവക്ഷപ്രകാരം അറബികളെ വിളിച്ചു പറയുകയാണ്; അറബികളേ, അല്ലാഹു നിങ്ങൾക്ക് അയച്ചു തന്നിട്ടുള്ളത് നിങ്ങളുടെതന്നെ സമൂഹത്തിൽപെട്ട ഒരു ദൈവദൂതനെയാണ്. അദ്ദേഹത്തിന്റെ വംശവും ഭാഷയുമെല്ലാം നിങ്ങളുടേതാണ്. ശൈശവം മുതലേ അദ്ദേഹത്തെ നിങ്ങൾക്ക് നേരിട്ടറിയുകയും ചെയ്യും. അതിനാൽ അദ്ദേഹം സത്യവാനാണോ വ്യാജനാണോ എന്ന് സ്വന്തം മനസ്സാക്ഷിയോടു ചോദിച്ചാൽ തന്നെ നിങ്ങൾക്ക് മനസ്സിലാക്കാവുന്നതാണ്. പരോക്ഷ വിവക്ഷ ഇതാണ്: അല്ലയോ മർത്യവർഗമേ, അല്ലാഹു നിങ്ങൾക്ക് ദൈവദൂതനായി അയച്ചുതന്നിട്ടുള്ളത് മനുഷ്യരിലെ ഒരാളെ തന്നെയാണ്. നിങ്ങളെപ്പോലെ തന്നെയുള്ള ഒരു മനുഷ്യനാണദ്ദേഹം. ജിന്നോ മലക്കോ മറ്റ് അഭൗതികമോ അതിമാനുഷമോ ആയ സൃഷ്ടിയല്ല. അതുകൊണ്ട് അദ്ദേഹം നിങ്ങൾക്ക് മതിയായ മാതൃകയാകുന്നു. അദ്ദേഹത്തിന്റെ ചര്യകൾ പിന്തുടരുക തികച്ചും മനുഷ്യ സാധ്യമാകുന്നു. അഭൗതിക സൃഷ്ടികളായ ജിന്നുകളെയോ മലക്കുകളെയോ ആണ് ദൈവദൂതനായി അയച്ചിരുന്നതെങ്കിൽ, ഭൗതിക സൃഷ്ടികളായ മനുഷ്യർക്കെങ്ങനെ അഭൗതിക സൃഷ്ടിയായ ദൈവദൂതനെ പിന്തുടരാനും അദ്ദേഹത്തിന്റെ വിധിവിലക്കുകൾ അനുസരിക്കാനും കഴിയും? വാസ്തവത്തിൽ, മനുഷ്യരിലേക്കുള്ള ദൈവദൂതൻ മനുഷ്യൻ തന്നെ ആയത് മനുഷ്യവർഗത്തിനും അദ്ദേഹം സ്വന്തം സമൂഹത്തിൽതന്നെ ആഗതനായത് ആ സമൂഹത്തിനും ലഭിച്ച മഹത്തായ അനുഗ്രഹമാണ്. ഈ രണ്ടു കൂട്ടരും പ്രവാചക നിയോഗത്തെ അപ്രകാരം കാണാൻ കൂട്ടാക്കാതെ തങ്ങൾക്കേർപ്പെട്ട ഒരു വിനയായി കാണുന്നതിന്റെ കാരണം അവരുടെ അജ്ഞതയും അവിവേകവും അല്ലാതെ മറ്റൊന്നുമല്ല. مِّنۡ أَنفُسِكُمۡ എന്ന വാക്യത്തിലെ أَنفُسِكُمۡ എന്ന പദത്തിലെ ف ക്ക് അകാരമായും ഒരു പാഠമുണ്ട്. അതനുസരിച്ച്, നിങ്ങളിൽ ഏറ്റം വിലപ്പെട്ടവനാണദ്ദേഹം എന്നാകും അർഥം. അറബികളിലെ ഏറ്റം ആഢ്യത്വമുള്ള ഗോത്രമായി ഗണിക്കപ്പെടുന്ന ഖുറൈശിലെ ഏറ്റവും ഉന്നതമായ ഹാശിമി തറവാട്ടിൽ അംഗമാണ് അദ്ദേഹമെന്ന് സൂചിപ്പിക്കുകയാണെന്ന് അത് വിശദീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. എന്നാൽ കൂടുതൽ ആധികാരികവും ബഹുഭൂരിപക്ഷം പണ്ഡിതന്മാരും അംഗീകരിച്ചിട്ടുള്ളതുമായ പാഠം مِّنۡ أَنفُسِكُمۡ എന്നു ف ക്ക് ഉകാരമായി തന്നെയാണ്. കൂടാതെ من انفَسكم എന്ന പ്രയോഗത്തിൽ ഭാഷാപരമായി അർഥദോഷമുള്ളതായും ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. മനുഷ്യരുടെ വിലയും നിലയും സൂചിപ്പിക്കാൻ അവരെ انفَس എന്ന് വിശേഷിപ്പിക്കാറില്ല. വസ്തുക്കളുടെ മഹത്വവും മൂല്യവും സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന വിശേഷണമാണത്.

عزة ൽനിന്നുള്ളതാണ് عَزِيزٌ. യശസ്സ്, പ്രതാപം, അജയ്യത എന്നൊക്കെയാണ് عزّةന്റെ ഭാഷാർഥം. പ്രതാപി, അജയ്യൻ എന്ന അർഥത്തിനു പുറമെ പ്രിയപ്പെട്ടവൻ, ആദരണീയൻ എന്ന അർഥത്തിലും ഈ പദം ഉപയോഗിക്കും. عزيزي എന്റെ പ്രിയപ്പെട്ടവനാണ്. മറ്റൊരുവനോടുള്ള സ്നേഹാദരവുകൾ നിമിത്തം അയാൾക്ക് ദോഷമണയുന്നതിൽ ക്ലേശവും ഉൽകണ്ഠയുമുള്ളവൻ എന്ന അർഥത്തിൽ عزيز عليه എന്നു പറയും. ഈ അർഥത്തിലാണ് ഇവിടെ عَزِيزٌ عَلَيۡهِ مَا عَنِتُّمۡ എന്നു പറയുന്നത്. മനുഷ്യർ നേരിടുന്ന എതു ക്ലേശവും ആ പ്രവാചകന് മനോവിഷമമുണ്ടാക്കുന്നു. عنتന്റെ ഭൂതകാല ബഹുവചന ക്രിയാരൂപങ്ങളിലൊന്നാണ് عَنِتُّمۡ. നിങ്ങൾ ക്ലേശിക്കുന്നത് പ്രവാചകന് വിഷമകരമാണ് എന്ന് കുറിക്കാൻ عزيز عليه عنتكم എന്നു പറഞ്ഞാൽ മതിയാകുന്നതാണ്. مَا عَنِتُّمۡ (നിങ്ങൾ ക്ലേശിച്ചത്) എന്ന ഭൂതകാല ക്രിയാവചനം ഉപയോഗിച്ചത്, ഈ സൂക്തം അവതരിക്കുന്നതിന് മുമ്പ് വിശ്വാസികൾ അനുഭവിക്കേണ്ടിവന്നിട്ടുള്ള പീഡനങ്ങളിലും പ്രവാചകന് മനോവിഷമമുണ്ട് എന്ന ആശയത്തെക്കൂടി ഉൾക്കൊള്ളിക്കാനാണെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

حِرص ൽനിന്നുള്ള കർതൃപദമാണ് حَرِيصٌ. ആർത്തി, അത്യാഗ്രഹം എന്നാണ് ഭാഷാർഥം. അടക്കാനാകാത്ത മോഹം, അഭിലാഷം എന്ന അർഥത്തിലും ഇത് ഉപയോഗിക്കുന്നു. ഉദാ. إِن تَحۡرِصۡ عَلَىٰ هُدَىٰهُمۡ (അവർ സന്മാർഗികളാവാൻ നീ എത്ര കൊതിച്ചാലും - *അന്നഹ്ൽ* 37). وَمَآ أَكۡثَرُ ٱلنَّاسِ وَلَوۡ حَرَصۡتَ بِمُؤۡمِنِينَ (നീ എത്ര കൊതിച്ചാലും അധികമാളുകളും സത്യവിശ്വാസികളാവില്ല - *യൂസുഫ്* 103). عزّ عليه അപരന്ന് ആപത്തണയുന്നതിലുള്ള ഉൽകണ്ഠയെയും അതകറ്റാനുള്ള ആഗ്രഹത്തെയും സൂചിപ്പിക്കുമ്പോൾ, حرص عليه അപരന്ന് ഗുണം ഉണ്ടാവാനുള്ള അടങ്ങാത്ത അഭിലാഷത്തെയാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ടാണ് حَرِيصٌ عَلَيۡكُم എന്ന വാക്കിനെ 'നിങ്ങളുടെ നന്മയിൽ അതീവ തൽപരൻ' എന്ന തർജമ ചെയ്തത്. ചില പണ്ഡിതന്മാർ حَرِيصٌ عَلَيۡكُم എന്ന വാക്കിന് حريص على ايمانكم او هدَايَتكم (നിങ്ങളുടെ സത്യവിശ്വാസത്തിൽ അല്ലെങ്കിൽ സന്മാർഗത്തിൽ അതിയായ മോഹമുള്ളവനാണദ്ദേഹം) എന്ന അർഥം നൽകിയിട്ടുണ്ട്.

വചന താൽപര്യമിതാണ്: അല്ലാഹു അയച്ച ഈ ദൂതൻ ഒരിക്കലും നിങ്ങളുടെ മർദകനോ ദ്രോഹിയോ അല്ല. അങ്ങനെ ആവാൻ അദ്ദേഹത്തിനു കഴിയുകയുമില്ല. മനുഷ്യർ പീഡിപ്പിക്കപ്പെടുകയും ദുരിതങ്ങൾക്കിരയാവുകയും ചെയ്യുന്നതിൽ ഏറെ മനോവിഷമമനുഭവിക്കുന്ന സ്നേഹധനനാണദ്ദേഹം. മനുഷ്യർക്കാർക്കും ഒരു വിഷമവുമുണ്ടാവരുതെന്നും എല്ലാവർക്കും എല്ലാവിധ സൗഭാഗ്യങ്ങളും ഉണ്ടാവണമെന്നും അദ്ദേഹം അതിയായി ആഗ്രഹിക്കുന്നു. അദ്ദേഹം സത്യധർമങ്ങൾ പ്രബോധനം ചെയ്യുന്നത് സ്വന്തം ഭൗതികനേട്ടത്തിനു വേണ്ടിയല്ല. മറിച്ച് നിങ്ങളുടെ ഇഹപരജീവിതം സുരക്ഷിതവും വിജയകരവുമാകാനാണ്. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായ തത്ത്വങ്ങളും വിധിവിലക്കുകളും അനുശാസിക്കുന്നത് അതു നിങ്ങളുടെ നന്മക്ക് അനിവാര്യമായതുകൊണ്ടാണ്. നിങ്ങൾ കുറ്റം ചെയ്താൽ ശിക്ഷിക്കുന്നതും നിങ്ങളെ അക്രമിക്കുന്നവരോട് യുദ്ധം ചെയ്യുന്നതും അദ്ദേഹത്തിന് നിങ്ങളോടോ അവരോടോ വിരോധമുള്ളതുകൊണ്ടല്ല. ശിഷ്യവത്സലനായ ഗുരു തന്റെ ശിഷ്യന്മാരെ ചിലപ്പോൾ ഉപദേശിക്കുകയും മറ്റു ചിലപ്പോൾ ശിക്ഷിക്കുകയും ചെയ്യുന്നതുപോലെയാണത്. നിങ്ങളുടെ ജീവിതം ഭാസുരമാകാനുള്ള ശിക്ഷണം നൽകുകയാണദ്ദേഹം. ആക്രമണകാരികളോടുള്ള അദ്ദേഹത്തിന്റെ സമീപനം രോഗികളോടുള്ള ഭിഷഗ്വരന്റെ സമീപനം പോലെയാണ്. ഭിഷഗ്വരന് ചിലപ്പോൾ രോഗിയുടെ കൈകാലുകൾ കെട്ടിയിട്ടു മരുന്നു കൊടുക്കേണ്ടി വരും; ചിലപ്പോൾ രോഗിയെ ശസ്ത്രക്രിയക്കു വിധേയനാക്കേണ്ടിയും വരും. രോഗിയുടെ ജീവൻ രക്ഷിക്കുന്നതിലും ആരോഗ്യം വീണ്ടെടുക്കുന്നതിലുമുള്ള ഭിഷഗ്വരന്റെ താൽപര്യമാണല്ലോ അതിൽ കാണേണ്ടത്. സൂറ *അൽഅഅ്റാഫ്* 157-ാം സൂക്തത്തിൽ പ്രവാചക നിയോഗത്തിന്റെ ലക്ഷ്യം വിവരിച്ചിട്ടുള്ളതിപ്രകാരമാണ്:

يَأۡمُرُهُم بِٱلۡمَعۡرُوفِ وَيَنۡهَىٰهُمۡ عَنِ ٱلۡمُنكَرِ وَيُحِلُّ لَهُمُ ٱلطَّيِّبَٰتِ وَيُحَرِّمُ

عَلَيۡهِمُ ٱلۡخَبَٰٓئِثَ وَيَضَعُ عَنۡهُمۡ إِصۡرَهُمۡ وَٱلۡأَغۡلَٰلَ ٱلَّتِي كَانَتۡ عَلَيۡهِمۡۚ

(അദ്ദേഹം അവർക്ക് നന്മ വിധിക്കുന്നു, തിന്മ വിലക്കുന്നു അവർക്കായി ശുദ്ധ വസ്തുക്കൾ അനുവദിച്ചു കൊടുക്കുന്നു,

അശുദ്ധ വസ്തുക്കളെ നിരോധിക്കുന്നു. അവരെ ഞെരിച്ചുകൊണ്ടിരിക്കുന്ന ഭാരങ്ങൾ ഇറക്കിവെക്കുന്നു, അവരെ വരിഞ്ഞു മുറുക്കിയ ചങ്ങലകൾ പൊട്ടിച്ചെറിയുകയും ചെയ്യുന്നു). ദൈവദൂതന്റെ ആർദ്ര മനസ്സിനെക്കുറിച്ച് സൂറ *ആലുഇംറാൻ* 159-ാം സൂക്തത്തിൽ പറയുന്നു:

فَبِمَا رَحْمَةٍ مِّنَ ٱللَّهِ لِنتَ لَهُمْ ۖ وَلَوْ كُنتَ فَظًّا غَلِيظَ ٱلْقَلْبِ لَٱنفَضُّوا۟ مِنْ حَوْلِكَ ۖ

(നീ അവരോട് ആർദ്ര ഹൃദയനായത് അല്ലാഹുവിന്റെ കാരുണ്യത്താലാകുന്നു. നീ കഠിന മനസ്കനായ മുരടനായിരുന്നുവെങ്കിൽ അവരൊക്കെയും നിന്റെ ചുറ്റുനിന്നും പിരിഞ്ഞു പോയേനെ). ലോകത്തിനാകമാനം സ്നേഹ ദൂതനും ദൈവ കാരുണ്യത്തിന്റെ ദൃഷ്ടാന്തവുമായിട്ടാണ് അന്ത്യപ്രവാചകൻ നിയുക്തനായത്. وَمَآ أَرْسَلْنَـٰكَ إِلَّا رَحْمَةً لِّلْعَـٰلَمِينَ (ലോകർക്കാകമാനം അനുഗ്രഹമായിട്ടല്ലാതെ നാം നിന്നെ അയച്ചിട്ടില്ല).

മനുഷ്യരുടെ രക്ഷയും വിജയവുമായിരുന്നു എപ്പോഴും പ്രവാചകന്റെ ചിന്താവിഷയം. യഥാർഥ രക്ഷയും സമാധാനവും പരലോകത്തെ രക്ഷയും സമാധാനവുമാണ്. ഇവിടെ രക്ഷിക്കപ്പെടാത്തവൻ ശാശ്വതമായ ശിക്ഷയിലകപ്പെടുന്നു. അതിനാൽ മനുഷ്യന്റെ പരലോക രക്ഷയിലായിരുന്നു അദ്ദേഹം കൂടുതൽ ദത്തശ്രദ്ധനായിരുന്നത്.

തന്റെ സത്യപ്രബോധനത്തിലൂടെ എല്ലാ മനുഷ്യരെയും ഇഹത്തിലും പരത്തിലും രക്ഷിക്കാൻ അദ്ദേഹത്തിന് അടക്കാനാവാത്ത കൊതിയായിരുന്നു. അത് സഫലമാകുന്ന മോഹമല്ല എന്ന് സൂചിപ്പിച്ചുകൊണ്ട് അല്ലാഹു അദ്ദേഹത്തെ സമാശ്വസിപ്പിക്കുന്ന വചനങ്ങൾ മുകളിൽ ഉദ്ധരിച്ചിട്ടുണ്ട്. താൻ ചൂണ്ടിക്കാണിക്കുന്ന രക്ഷാമാർഗം സ്വീകരിക്കാൻ കൂട്ടാക്കാതെ പൈശാചിക മാർഗങ്ങളിലൂടെ ആളുകൾ നിത്യനരകത്തിലേക്ക് ഗമിക്കുന്നത് അദ്ദേഹത്തിലുണ്ടാക്കിയ മനോവ്യഥ വാക്കുകളിൽ വർണിക്കാനാവാത്തതാണ്. അല്ലാഹു അതെപ്പറ്റി അദ്ദേഹത്തോടു പറയുന്നു:

فَلَعَلَّكَ بَـٰخِعٌ نَّفْسَكَ عَلَىٰٓ ءَاثَـٰرِهِمْ إِن لَّمْ يُؤْمِنُوا۟ بِهَـٰذَا ٱلْحَدِيثِ أَسَفًا ⑥

(ജനം ഈ സന്ദേശത്തിൽ വിശ്വസിച്ചില്ലെങ്കിൽ പ്രവാചകാ, താൻ അവർക്കു പിറകെ ദുഃഖപരവശനായി ജീവൻ കളഞ്ഞേക്കുമല്ലോ - അൽകഹ്ഫ്:6) لَعَلَّكَ بَـٰخِعٌ نَّفْسَكَ أَلَّا يَكُونُوا۟ مُؤْمِنِينَ (ജനം വിശ്വാസികളാവാത്തതിന്റെ പേരിൽ താൻ ജീവൻ കളഞ്ഞേക്കുമല്ലോ - അശ്ശുഅറാഅ്:3).

പൊതുവിൽ എല്ലാ മനുഷ്യരുടെയും യാതനയിൽ വേദനയും, നന്മയിൽ അതീവ താൽപര്യവുമുള്ള പ്രവാചകന് സത്യവിശ്വാസികളോട് സവിശേഷമായ ദയാവായ്പും കാരുണ്യവുമുണ്ട്. അദ്ദേഹം അവർക്കു നൽകുന്ന ഉപദേശങ്ങളിലും വിധിവിലക്കുകളിലും ചിലത് തൽക്കാലം ക്ലേശകരമായി തോന്നാമെങ്കിലും യഥാർഥത്തിൽ അതിനു പിന്നിലുള്ളത് അവരോടുള്ള ദയാദാക്ഷിണ്യവും കാരുണ്യവുമാണ്. ദയ, ദാക്ഷിണ്യം رأفة ന്റെ കർതൃരൂപമായ رائف ന്റെ ഉത്തമ വാചിയാണ് رَءُوفٌ. (അങ്ങേയറ്റത്തെ ദയയും ദാക്ഷിണ്യവുമുള്ളവൻ). راحم ന്റെ ഉത്തമവാചിയാണ് رَّحِيمٌ. ഈ രണ്ടു വിശേഷണങ്ങളും അല്ലാഹുവിന്റെ മഹിതനാമങ്ങളിൽ -الأسماء الحسنى- പെട്ടതാകുന്നു. അല്ലാഹു സ്വന്തം വിശേഷണങ്ങൾ കൊണ്ട് അവന്റെ ദൂതനെ വിശേഷിപ്പിച്ചിരിക്കുന്നു എന്നത്, അദ്ദേഹത്തിന്റെ ദയാദാക്ഷിണ്യത്തിന്റെയും കാരുണ്യത്തിന്റെയും അപാരതയെയാണ് സൂചിപ്പിക്കുന്നത്. عَزِيزٌ- حَرِيصٌ എന്നീ പദങ്ങളുടെ വിശദീകരണമായും بِٱلْمُؤْمِنِينَ رَءُوفٌ رَّحِيمٌ എന്ന വാക്യത്തെ മനസ്സിലാക്കാവുന്നതാണ്. എല്ലാ ജനങ്ങളോടും സ്നേഹവും കാരുണ്യവുമുള്ള പ്രവാചകന് തന്റെ സന്ദേശത്തിൽ വിശ്വസിക്കുകയും അതനുസരിച്ച് ചരിക്കുകയും ചെയ്യുന്നവരോട് സവിശേഷമായ സ്നേഹകാരുണ്യങ്ങളുണ്ടാവുക സ്വാഭാവികമാണ്. عَزِيزٌ ന്റെയും حَرِيصٌ ന്റെയും അർഥങ്ങൾ തമ്മിലുള്ള വ്യത്യാസം رَءُوفٌ ന്റെയും رَّحِيمٌ ന്റെയും അർഥങ്ങൾ തമ്മിലുണ്ട്. അപരന്ന് ദോഷം വരാതിരിക്കാനും വന്ന ദോഷം ദൂരീകരിക്കാനുമുള്ള താൽപര്യമാണ് رأفة ൽ മികച്ചു നിൽക്കുന്നത്; رحمة ൽ മികച്ചു നിൽക്കുന്നത് അപരന്ന് നന്മയും നേട്ടവും ഉണ്ടാകാനുള്ള താൽപര്യവും.

ഖുർആനിൽ ഏറ്റവും അവസാനമായി അവതരിച്ച സൂക്തമാണിതെന്ന് ചില നിവേദനങ്ങളിൽ പറയുന്നുണ്ട്. എന്നാൽ കൂടുതൽ ആധികാരികമെന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ളത് അവസാനമായി അവതരിച്ച ഖുർആൻ സൂക്തം 2:281 ആണെന്നാകുന്നു.

**129:** ഈ സൂക്തം സംബോധ ചെയ്യുന്നത് പ്രവാചകനെയാണ്. സാരമിതാണ്: മുഹമ്മദി(സ) നെ പ്രവാചകനായി അയച്ചതിലൂടെ അല്ലാഹു മനുഷ്യകുലത്തിന് പൊതുവിലും അറബികൾക്ക് വിശേഷിച്ചും മഹത്തായ അനുഗ്രഹമരുളിയിരിക്കുകയാണ്. ഈ അനുഗ്രഹത്തെ അർഹിക്കുന്ന ആദരവോടെ സ്വീകരിക്കുകയും ഉചിതമായ രീതിയിൽ അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുകയുമാണ് യഥാർഥത്തിൽ അവർ ചെയ്യേണ്ടത്. അതിനു തയാറാവാതെ, ഇതുവരെ നൽകിയ ഉപദേശ നിർദേങ്ങളും തെളിവുകളും ന്യായങ്ങളുമെല്ലാം കേട്ടിട്ടും ആളുകൾ പ്രവാചക സന്ദേശത്തിൽനിന്ന് പുറംതിരിഞ്ഞു പോവുകയും തങ്ങളുടെ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ഉറച്ചു നിൽക്കുകയുമാണെങ്കിൽ പ്രവാചകൻ വേപഥുകൊള്ളേണ്ട കാര്യമില്ല. നഷ്ടത്തിലേക്കും നാശത്തിലേക്കും അവർ സ്വയം പാഞ്ഞുപോവുകയാണ്. പ്രവാചകന് അതിൽ ഉത്തരവാദിത്വമൊന്നുമില്ല. അവരെ സംസ്കരിക്കാനും അതുവഴി അവരുടെ ഇഹപര ജീവിതം സുരക്ഷിതവും വിജയകരവുമാക്കാനും പ്രവാചകൻ ഏറെ കൊതിക്കുകയും അശ്രാന്ത പരിശ്രമം നടത്തുകയും ചെയ്യുന്നുവെന്നും, അദ്ദേഹം അതുവഴി യാതൊരു ഭൗതിക നേട്ടവും ലക്ഷ്യമാക്കിയിട്ടില്ലെന്നും അല്ലാഹുവിന്നറിയാം. ജനങ്ങൾ പ്രവാചകനെ മാനിക്കുന്നുവെങ്കിൽ അതുവഴി ശോഭനമായിത്തീരുന്നത് അവരുടെ തന്നെ ഐഹികവും പാരത്രികവുമായ ജീവിതങ്ങളാണ്. അവർ ഈ യാഥാർഥ്യം അംഗീകരിക്കുന്നില്ലെങ്കിൽ സാരമില്ല; താങ്കൾ അവരെയും മാനിക്കേണ്ട. എനിക്ക് അല്ലാഹു മതി എന്നുമാത്രം അവരോടു പറയുക. അതായത്, നിങ്ങളുടെ കാര്യത്തിലുള്ള എന്റെ ബദ്ധപ്പാട് എന്റെ സ്വാർഥ താൽപര്യത്തിനുവേണ്ടിയല്ല; നിങ്ങളുടെ ഉത്തമതാൽപര്യത്തിനുവേണ്ടിയാണ്. നിങ്ങൾ എന്നെ തള്ളിക്കളയുകയാണെങ്കിൽ അതുവഴി ഞാൻ ഒറ്റപ്പെട്ടവനും നിസ്സഹായനുമായിപ്പോകുമെന്ന് കരുതേണ്ട. എനിക്ക് എന്റെ സ്രഷ്ടാവും നിയന്താവുമായ അല്ലാഹുവിന്റെ പിന്തുണയും സഹായവുമുണ്ട്. അവനാണെന്റെ ശക്തിയും സംഘവും. ഏകനായ ദൈവം, എല്ലാറ്റിന്റെയും ദൈവം. സകലമാന അധികാര ശക്തികൾക്കും അധിപനൻ അവനാണ്. അവന്റെ പരിഗണനയും പിന്തുണയുമുള്ളപ്പോൾ മറ്റാറ്റുടെയും അവഗണനയും നിസ്സഹകരണവും ശത്രുതയുമൊന്നും എനിക്ക് ഒരു ദോഷവും ചെയ്യില്ല.

عرش ന് പീഠം, മേൽപ്പുര, പന്തൽ എന്നൊക്കെയാണ് അർഥം. രാജാക്കന്മാരുടെ അധികാര പീഠം (സിംഹാസനം) എന്ന അർഥത്തിലാണ് ഇത് സാധാരണ ഉപയോഗിക്കാറുള്ളത്. വിശുദ്ധ ഖുർആൻ അധികസ്ഥലങ്ങളിലും عرش പരാമർശിച്ചിട്ടുള്ളത് അല്ലാഹുവിന്റെ അധികാര ശക്തിയുടെ പ്രതീകമായിട്ടാണ്.

رَبُّ ٱلْعَرْشِ ٱلْعَظِيمِ എന്നതിന്റെ ഭാഷാർഥം, മഹിതസിംഹാസനത്തിനുടയവൻ എന്നാണെങ്കിലും താൽപര്യം, അഖിലാണ്ഡത്തിന്റെ സർവാധികാരങ്ങൾക്കും ഉടയവൻ എന്നാണ്. അവനുദ്ദേശിച്ചവരെ രക്ഷിക്കുന്നു, അവനുദ്ദേശിച്ചവരെ ശിക്ഷിക്കുന്നു. അവനുദ്ദേശിച്ചവരെ ജയിപ്പിക്കുന്നു, അവനുദ്ദേശിച്ചവരെ തോൽപിക്കുന്നു. അവനെതിരെ ആർക്കും ആരെയും രക്ഷിക്കാനോ ശിക്ഷിക്കാനോ കഴിയില്ല.

ഈ സൂക്തത്തിലെ حَسْبِيَ മുതൽ ٱلْعَظِيمِ വരെയുള്ള ഭാഗം പ്രധാനപ്പെട്ട പ്രാർഥനാവചനങ്ങളിലൊന്നാണെന്ന് അനേകം നിവേദനങ്ങളിൽ വന്നിട്ടുണ്ട്. ഉദാഹരണമായി, ഈ വാക്യം രാവിലെയും വൈകിട്ടും ഏഴുവട്ടം വീതം ഉരുവിടുന്നവന്റെ ഐഹികവും പാരത്രികവുമായ കാര്യങ്ങളിൽ പ്രധാനപ്പെട്ടത് അല്ലാഹു നോക്കിക്കൊള്ളും എന്ന് പ്രവാചകൻ പ്രസ്താവിച്ചതായി അബൂദാവൂദ് ഉദ്ധരിച്ചിരിക്കുന്നു.

കാര്യങ്ങൾ മറ്റൊരാളെ ഏൽപിച്ച് ഇനി അയാളത് വിജയകരമായി കൈകാര്യം ചെയ്തുകൊള്ളുമെന്ന് സമാധാനിക്കുകയാണ് ഭരമേൽപിക്കൽ-تَوَكُّل. കാര്യം ഏറ്റെടുക്കുന്ന ആൾ وكيل ആകുന്നു. ഏതു കാര്യവും വക്കീലിനെ ഏൽപിച്ചാൽ പിന്നെ അക്കാര്യത്തിൽ വക്കീലിന്റെ നിർദേശമനുസരിച്ചാണ് നീങ്ങേണ്ടത്. ദൈവദാസൻ അവന്റെ യജമാനനായ അല്ലാഹുവിൽ തവക്കുൽ ചെയ്യുക എന്നത് ഇസ്‌ലാമിന്റെ സുപ്രധാന മൂല്യങ്ങളിലൊന്നാണ്. അതിന്റെ ആശയം ഗ്രഹിക്കുന്നതിൽ പലർക്കും അബദ്ധം പിണയാറുണ്ട്. എല്ലാം അല്ലാഹു നോക്കിക്കൊള്ളും എന്നു കരുതി വെറുതെയിരിക്കുകയാണ് തവക്കുൽ എന്നാണ് ചിലരുടെ വിചാരം. അല്ലാഹു എല്ലാ കാര്യങ്ങൾക്കും കാരണങ്ങൾ -മാർഗങ്ങൾ- നിശ്ചയിച്ചിട്ടുണ്ട്. കാര്യസാധ്യത്തിനുവേണ്ടി ആദ്യം അല്ലാഹു ഈ പ്രപഞ്ചത്തിൽ സൃഷ്ടിച്ചു വെച്ച കാരണങ്ങളെ അവലംബിക്കുകയും കാരണങ്ങൾ കാര്യത്തിലെത്താതെ മുറിഞ്ഞു പോകുമ്പോൾ നിരാശപ്പെടാതെ അല്ലാഹുവിന്റെ നേരെ കൈനീട്ടുകയുമാണ് യഥാർഥ തവക്കുൽ. അതെക്കുറിച്ചാണ് 27:62-ൽ أَمَّن يُجِيبُ ٱلْمُضْطَرَّ إِذَا دَعَاهُ (എല്ലാ വഴിയും മുട്ടിയവൻ പ്രാർഥിച്ചാൽ ഉത്തരം നൽകുന്നവനാരാണ്?) എന്നു പറഞ്ഞത്. എല്ലാ വഴിയും മുട്ടുമ്പോഴേ നിഷ്ക്രിയമായ തവക്കുലിന് സാംഗത്യമുള്ളൂ. മുന്നിൽ വിശാലമായ വഴികൾ തുറന്നുകിടക്കുമ്പോഴും പ്രാർഥനയും തവക്കുലും വേണം. അതുപക്ഷേ, ആ വഴികൾ ഉപയോഗപ്പെടുത്തുന്നതോടൊപ്പമായിരിക്കണം. മുന്നിലുള്ള മാർഗങ്ങളൊന്നും ഉപയോഗിക്കാതെയുള്ള തവക്കുലും പ്രാർഥനയും കേവലം മൗഢ്യവും അവിവേകവുമാണ്. വാങ്ങിവെച്ച പാഠപുസ്തകങ്ങളൊന്നും തുറന്നുനോക്കാതെ പരീക്ഷാത്തലേന്ന് ദൈവമേ എന്നെ ജയിപ്പിക്കേണമേ, എന്റെ കാര്യം നിന്നിലർപ്പിച്ചിരിക്കുന്നു എന്നു പ്രാർഥിച്ചതുകൊണ്ട് ഒരു കാര്യവുമില്ല. കാര്യസാധ്യത്തിനുള്ള കാരണങ്ങൾ അല്ലാഹു ഒരുക്കിത്തരുമെന്ന ദൃഢവിശ്വാസമാണ്, അല്ലാതെ കാരണങ്ങളില്ലാതെ കാര്യം സാധിപ്പിച്ചു തരുമെന്ന വ്യാമോഹമല്ല തവക്കുലിന്റെ ആത്മാവ്. എല്ലാ വഴിയും മുട്ടിയവൻ പ്രാർഥിക്കുമ്പോഴും അല്ലാഹു ചെയ്യുന്നത് കാര്യത്തിലേക്കുള്ള ഒരു കാരണം -മാർഗം- തുറന്നു കൊടുക്കുകയാണ്. പ്രയാസങ്ങളും പ്രതിസന്ധികളും നേരിടുമ്പോൾ താൻ ചെയ്യേണ്ടത് യഥാവിധി ചെയ്തുകൊണ്ടാണ് തവക്കുൽ ചെയ്യേണ്ടത്. അതുകൊണ്ടാണ് പ്രതിസന്ധി ഘട്ടത്തെ നേരിടാൻ സ്വീകരിക്കേണ്ട നടപടിയായി ഖുർആൻ പ്രവാചകനെ ഇങ്ങനെ ഉപദേശിച്ചത് وَشَاوِرْهُمْ فِي ٱلْأَمْرِ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى ٱللَّهِ (നീ പ്രശ്നങ്ങളിൽ അവരുമായി കൂടിയാലോചിക്കുക. എന്നിട്ടു തീരുമാനമെടുത്തു കഴിഞ്ഞാൽ അല്ലാഹുവിൽ തവക്കുൽ ചെയ്യുക). പ്രശ്നങ്ങൾ സമൂഹവുമായി നന്നായി ചർച്ച ചെയ്തു ഉചിതമായ തീരുമാനമെടുക്കണമെന്നും ആ തീരുമാനവുമായി മുന്നോട്ടു പോകുമ്പോഴാണ് അല്ലാഹുവിൽ തവക്കുൽ ചെയ്യേണ്ടതെന്നുമാണ് കൽപിക്കുന്നത്. താൻ പാതി ദൈവം പാതി എന്നുണ്ടല്ലോ. തന്റെ പാതി നൽകാതെ ദൈവത്തിന്റെ പാതി ചോദിച്ചിട്ടു കാര്യമില്ല.

പാതി എന്നു പറയുന്നത് ദൈവം തന്നു കഴിഞ്ഞ വിഹിതം കണ്ടെടുക്കുകയാണ്. വാസ്തവത്തിൽ ദൈവം തന്നെയാണ് എല്ലാം തരുന്നത്. നാം ശ്വസിക്കുന്ന വായു, കുടിക്കുന്ന വെള്ളം ഇതൊക്കെ ആരു തന്നതാണ്? قُلْ أَرَءَيْتُمْ إِنْ أَصْبَحَ مَآؤُكُمْ غَوْرًا فَمَن يَأْتِيكُم بِمَآءٍ مَّعِينٍ (അവരോട് ചോദിച്ചു നോക്കുക; നിങ്ങളുടെ കുടിനീർ വറ്റിപ്പോയാലുള്ള അവസ്ഥ ആലോചിച്ചുനോക്കിയിട്ടുണ്ടോ? അപ്പോൾ ആരാണ് നിങ്ങൾക്ക് നീരുറവകളൊഴുക്കിത്തരിക? - *അൽമുൽക്* 30). മാനത്തുനിന്ന് മഴ പെയ്യിക്കുന്നതും ആ വെള്ളം മണ്ണിനടിയിൽ സംഭരിക്കുന്നതും അടിമണ്ണിലൂടെ നാനാദിക്കുകളിലേക്കും ഉറവകളായി ഒഴുക്കുന്നതും അല്ലാഹുവാണ്. മനുഷ്യൻ കിണറുകളും കുളങ്ങളും കുഴിച്ച് അതുകണ്ടെത്തുന്നു. വെള്ളം ആവശ്യമായാൽ കിണർ കുഴിക്കണം. കിണർ വറ്റിപ്പോയാൽ പിന്നെയും ആഴത്തിൽ കുഴിക്കണം. എന്നിട്ടും വെള്ളം ലഭിക്കുന്നില്ലെങ്കിൽ അല്ലാഹുവിൽ ഭരമേൽപിച്ച് അവന്റെ നേരെ കൈനീട്ടണം. മനുഷ്യൻ ചെയ്യേണ്ടത് ചെയ്തു കഴിഞ്ഞിട്ടുണ്ടെങ്കിൽ അവൻ അവർക്ക് വെള്ളം കൊടുക്കുക തന്നെ ചെയ്യും. അപ്പോഴും അവരുടെ കുടങ്ങളിലും ടാങ്കുകളിലും വെള്ളം നിറച്ചു കൊടുക്കുകയല്ല അവൻ ചെയ്യുക. മനുഷ്യർക്ക് വെള്ളം ലഭിക്കുന്നതിനുള്ള കാരണമുളവാക്കുകയാണ്. അവൻ മഴ പെയ്യിക്കുന്നു. അത് മനുഷ്യർക്ക് ശേഖരിക്കാൻ കഴിയുംവണ്ണം കിണറുകളിലും കുളങ്ങളിലും ഒഴുകിയെത്തുന്നു. അതു കണ്ടെത്തുകയും കോരിയെടുക്കുകയും ചെയ്യുക മനുഷ്യന്റെ ചുമതലയാണ്. ഇതൊന്നും ചെയ്യാതെ ദാഹിക്കുമ്പോൾ ഞങ്ങൾ അല്ലാഹുവിൽ തവക്കുൽ ചെയ്തിരിക്കുന്നു എന്നു പറഞ്ഞ് വായും പിളർത്തിയിരുന്നാൽ തൊണ്ട നനയുകയോ ദാഹം തീരുകയോ ഇല്ല. അപ്പോൾ മുന്നിലുള്ള കാരണങ്ങളെ സ്വപ്രയത്നത്തിലൂടെ ചലനാത്മകമാക്കിക്കൊണ്ട്, ആ പ്രയത്നം ഫലപ്രദമാക്കണേ എന്ന് അല്ലാഹുവിനോട് പ്രാർഥിക്കലും അവന്റെ അനുഗ്രഹത്തിൽ വിശ്വാസമർപ്പിക്കലുമാണ് തവക്കുൽ അലല്ലാഹ്- അല്ലാഹുവിൽ ഭരമേൽപ്പിക്കൽ. അങ്ങനെയുള്ള തവക്കുലേ അല്ലാഹുവിങ്കൽ സ്വീകാര്യമാകൂ. സ്വീകാര്യമായ തവക്കുലിന് ഫലമുണ്ടാകുമെന്നതിൽ സംശയവും വേണ്ട. സൂറ *അത്ത്വലാഖ്* 2,3 സൂക്തങ്ങളിൽ അല്ലാഹു ഉണർത്തുന്നു:

وَمَن يَتَّقِ ٱللَّهَ يَجْعَل لَّهُۥ مَخْرَجًا ﴿٢﴾ وَيَرْزُقْهُ مِنْ
حَيْثُ لَا يَحْتَسِبُ ۚ وَمَن يَتَوَكَّلْ عَلَى ٱللَّهِ فَهُوَ حَسْبُهُۥٓ ۚ إِنَّ ٱللَّهَ بَٰلِغُ أَمْرِهِۦ ۚ
قَدْ جَعَلَ ٱللَّهُ لِكُلِّ شَىْءٍ قَدْرًا ﴿٣﴾

(അല്ലാഹുവിനോട് ഭയഭക്തിയോടെ വർത്തിക്കുന്നവന് അല്ലാഹു ക്ലേശങ്ങളിൽനിന്നെല്ലാം മോചനത്തിനു മാർഗമുണ്ടാക്കിക്കൊടുക്കും. അവൻ ഊഹിക്കാത്ത മാർഗങ്ങളിലൂടെ വിഭവങ്ങളരുളുകയും ചെയ്യും. അല്ലാഹുവിൽ ഭരമേൽപിക്കുന്നവർക്ക് അവൻ തന്നെ മതി. അല്ലാഹു അവന്റെ കാര്യം നിവർത്തിച്ചു കൊടുക്കുക തന്നെ ചെയ്യും. എന്നാൽ സകല കാര്യത്തിനും അല്ലാഹു ഒരു കണക്ക് നിശ്ചയിച്ചിട്ടുണ്ട്). ■

الحمد لله اللذى وفّقنى لاتمام تنوير سورة التوبة